# ആത്മീയ ചികിത്സയും തട്ടിപ്പ്

**'ആത്മീയ** ചികിത്സ'യിലൂടെ 'ജനസേവനം' നടത്തിവരുന്നവരെ വെറുതെ വിടണമെന്ന മുറവിളി ഇപ്പോൾ വല്ലാതെ മുഴങ്ങി കേൾക്കുന്നു. എന്താണാവോ ഈ ആത്മീയ ചികിത്സ? മതത്തിന്റെ അംഗീകാരമുള്ള ചികിത്സക്ക് മാത്രമല്ലേ ആത്മീയ ചികിത്സ എന്ന് പറയാനാവൂ. മനുഷ്യൻ രോഗബാധിതനായാൽ നൽകേണ്ട ചികിത്സ എന്ത്? ഔഷധമില്ലാത്ത ഒരു രോഗവുമില്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ച പ്രവാചകൻ ഔഷധോപയോഗം എന്ന ശാസ്ത്രീയ മാർഗം തന്നെയാണ് നിർദേശിച്ചിരിക്കുന്നത്. രോഗചികിത്സക്ക് മരുന്നും രോഗം നൽകിയ ദൈവത്തോട് രോഗശമനത്തിന് വേണ്ടിയുള്ള പ്രാർഥനയും അവലംബമാക്കാൻ തന്നെയാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. ഖുർആനിക മന്ത്രങ്ങളല്ലാത്ത മറ്റു യാതൊരു മന്ത്രചികിത്സയും പ്രവാചക മാതൃകയല്ലെന്നു മാത്രമല്ല വഴിവിട്ട സകല മാർഗങ്ങളും നിഷിദ്ധമാക്കിയിട്ടുമുണ്ട്. "ആരെങ്കിലും ഉറുക്ക് കെട്ടിയാൽ, അല്ലാഹു അവന്റെ ഉദ്ദേശ്യം പൂർത്തീകരിക്കാതിരിക്കട്ടെ" (അഹ്മദ്). "ആരെങ്കിലും ഏലസ് കെട്ടിയാൽ അല്ലാഹു അവന്ന് രോഗശമനം പൂർത്തിയാക്കി കൊടുക്കാതിരിക്കട്ടെ" (അഹ്മദ്, ഹാകിം) എന്നിങ്ങനെയുള്ള നബിവചനങ്ങൾ 'ആത്മീയ ചികിത്സ'ക്കെതിരിലുള്ള പ്രവാചകന്റെ മുന്നറിയിപ്പുകളത്രെ.

അദൃശ്യകാര്യങ്ങൾ അറിയാമെന്നും അമാനുഷിക കഴിവുകളുണ്ടെന്നുമുള്ള ധാരണയോടെ ഏതൊരു മനുഷ്യനെ സമീപിക്കുന്നതും ഇസ്‌ലാം കർശനമായി വിലക്കിയിട്ടുണ്ട്. "ആരെങ്കിലും പ്രശ്നം വെക്കുന്നവന്റെ വാക്കുകൾ വിശ്വസിച്ചാൽ അവിശ്വാസിയായി ത്തീർന്നു" എന്നാണ് പ്രവാചകൻ പറഞ്ഞത്. ''ഞാൻ എനിക്കുതന്നെ ഗുണമോ ദോഷമോ വരുത്താൻ കഴിയാത്തവനാണ്" (ഖുർആൻ 7:188) എന്ന് പ്രവാചകൻ പോലും കൈമലർത്തിയെങ്കിൽ, ഏത് സിദ്ധനാണ് മറ്റുള്ളവർക്ക് ഗുണദോഷം വരുത്താൻ സാധ്യമാവുക?

**മധുരക്കുഴി**

# വാക്സിൻ കമ്പനികൾ അടച്ചുപൂട്ടുന്നതെന്തിന്?


**ഇന്ത്യാ** ഗവൺമെന്റ് ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള പശ്ചാത്തല സൗകര്യമില്ലെന്ന് പറഞ്ഞ് പൊതുമേഖലയിലെ മൂന്നു വാക്സിൻ ഫാക്ടറികൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടിരിക്കുകയാണ്. ഇന്ത്യൻ ഡ്രഗ്സ് ആന്റ് കൺട്രോളർ ജനറൽ നൽകിയ നോട്ടീസ് പ്രകാരം ജനുവരി 2008 മുതൽ പ്രസ്തുത സ്ഥാപനങ്ങൾ വാക്സിൻ നിർമാണം നിർത്തിവെച്ചിരിക്കുന്നു.

ലൂയി പാസ്റ്ററിന്റെ പേരിലുള്ള കൂനൂരിലെ (തമിഴ്നാട്) പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടാണ് കൂട്ടത്തിൽ ഒന്ന്. പേ വിഷബാധക്കെതിരെയുള്ള വാക്സിനും ശേഷം ഓറൽ പോളിയോ വാക്സിനും തുടക്കം കുറിച്ച സ്ഥാപനം ക്രമേണ ഡിപിടി, ടിടി വാക്സിനുകൾ ഉണ്ടാക്കിത്തുടങ്ങി. ഒരു നൂറ്റാണ്ട് പാരമ്പര്യമുള്ള ഈ സ്ഥാപനമാണ് താഴിട്ടു പൂട്ടുന്നത്. മറ്റൊന്ന് കസൗളിയിലെ (ഹിമാചൽ പ്രദേശ്) സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ്. ടിടി, ഡിപിടി കൂടാതെ പാമ്പുവിഷ പ്രതിരോധമരുന്നും ഉൽപാദിപ്പിച്ചിരുന്നു. മഞ്ഞപ്പനിക്കും ജപ്പാൻ ജ്വരത്തിനുമെതിരായ വാക്സിൻ വരെ ഉണ്ടാക്കാൻ അതിന് പ്രാപ്തിയുണ്ടായിരുന്നു. മൂന്നാമത്തേത് 1948-ൽ തുടങ്ങിയ ചെന്നൈയിലെ ബി.സി.ജി ലബോറട്ടറിയാണ്. മൊത്തം ഇന്ത്യക്കു വേണ്ട ബി.സി.ജി ഉൽപാദിപ്പിക്കുന്ന കേന്ദ്രമായിരുന്നു അത്. ക്ഷയരോഗ നിർണയത്തിന്റെ മാന്റോക്സ് പരിശോധനക്കാവശ്യമായ പ്യൂരിഫൈഡ് പ്രോട്ടീൻ ഡെറിവേറ്റീവ് നിർമിക്കുന്നതും ഇതേ ലാബിലാണ്.

നിലവിലുള്ള പൊതുമേഖലാ വാക്സിൻ ഉൽപാദന കേന്ദ്രങ്ങൾക്ക് ലോകാരോഗ്യ സംഘടന നിർദേശിക്കുന്ന പശ്ചാത്തല സൗകര്യമൊരുക്കാൻ ഏതാണ്ട് അമ്പത് കോടി മതിയെന്നാണ് വിദഗ്ധാഭിപ്രായം. എന്നിട്ടും എന്തിനാണീ വാക്സിൻ ഫാക്ടറികൾ അടച്ചുപൂട്ടുന്നത്?

കള്ളി മറ്റൊന്നാണ്. മതിയായ പശ്ചാത്തല സൗകര്യമില്ലെങ്കിൽ വിദേശ രാജ്യങ്ങൾ ഇന്ത്യയിൽനിന്നുള്ള വാക്സിൻ ഇറക്കുമതി പൂർണമായി നിരോധിക്കും. കൂട്ടത്തിൽ ഇന്ത്യ

## കത്തുകൾ




## പ്രലോഭനങ്ങളുടെ നെറ്റ്‌വർക്ക് മാർക്കറ്റിംഗ്

**'നെറ്റ്‌വർക്ക് മാർക്കറ്റിംഗും** ഇസ്‌ലാമിക ശരീഅത്തും' (ലക്കം 1) എന്ന ലേഖനമാണ് ഈ കുറിപ്പിനാധാരം. ജീവിതത്തിന്റെ നല്ലൊരു ഭാഗം ഗൾഫിൽ ചെലവഴിച്ച് നാട്ടിൽ തിരിച്ചെത്തിയ സുഹൃത്തിന്റെ വീട്ടിൽ മൂന്നാം നാൾ തന്നെ ഒരു നെറ്റ്‌വർക്ക് ടീം കാറിലും മൂന്നു നാല് ബൈക്കിലുമായി എത്തി. പരിചയമുള്ള ചില മുഖങ്ങളും കൂട്ടത്തിൽ ഉണ്ട്. വന്നവർ ഓരോരുത്തരായി സ്വയം പരിചയപ്പെടുത്തി. കൂട്ടത്തിൽ പ്രായമുള്ള ആളെ ചൂണ്ടി അവർ പറഞ്ഞു: ഇദ്ദേഹം ഒരു സാദാ കർഷകനായിരുന്നു. ഞങ്ങളുടെ നെറ്റ്‌വർക്ക് ടീമിൽ ഒരു നിശ്ചിത തുക നൽകി അംഗമായതോടെ കുറച്ചു കാലം കൊണ്ട് തന്നെ ഇദ്ദേഹത്തിന് നല്ലൊരു വീടായി, കാറായി. മാസം ഒന്നര ലക്ഷത്തിന്റെ ചെക്ക് ഇദ്ദേഹത്തിന്റെ പേരിൽ വന്നുകൊണ്ടിരിക്കുന്നതിന്റെ കോപ്പിയും അവർ കാണിച്ചു. നാട്ടിൽ പണിയൊന്നുമില്ലാതെ തെക്കുവടക്ക് നടന്നിരുന്ന രണ്ട് പരിചിത മുഖങ്ങൾ എക്സിക്യൂട്ടീവ് സ്റ്റൈലിൽ മുമ്പിൽ നിൽക്കുന്നു. 12000 രൂപ മുടക്കി ഞങ്ങളുടെ യൂനിറ്റിൽ ചേരുക. ഇതാണവരുടെ ആവശ്യം.

യൂനിറ്റ് വാങ്ങിയാൽ മാത്രം മതി, ബാക്കി കാര്യങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം എന്നാണവർ അന്ന് പറഞ്ഞത്. പിന്നീടൊന്നും ആലോചിക്കാതെ രൂപ എണ്ണിക്കൊടുത്തു. രണ്ടു ദിവസം കഴിഞ്ഞ് കമ്പനിയുടേതെന്ന് പറയുന്ന രണ്ട് ഉൽപന്നങ്ങൾ ഫ്രീയായി വീട്ടിൽ കൊണ്ടുവന്നു. സുഹൃത്ത് നെറ്റ്‌വർക്കിലെ ലാഭവും പ്രതീക്ഷിച്ചിരിപ്പ് തുടങ്ങിയിട്ട് വർഷം ഒന്ന് കഴിഞ്ഞു. അവർ കൊണ്ടുവന്നുതന്ന പ്രോഡക്റ്റ് എന്തു ചെയ്യണമെന്നറിയാതെ വീടിന്റെ ഒരു മൂലയിൽ പൊടി പിടിക്കുന്നു. പിന്നീട് പലപ്പോഴും ഈ ടീമിനെ കണ്ട് അദ്ദേഹത്തിന്റെ മകൻ അന്വേഷിച്ചപ്പോൾ ഫീൽഡിൽ ഇറങ്ങി പ്രവർത്തിക്കണമെന്നാണ് പറഞ്ഞത്. അസുഖവും ബുദ്ധിമുട്ടുമായി ജീവിക്കുന്ന ആൾ എങ്ങനെ ഫീൽഡിൽ പോകും? ഇതൊക്കെ അറിയാവുന്നവർ എന്തിന് ഇദ്ദേഹത്തെ കണ്ണിച്ചേർത്തു?

ഇതാണ് നെറ്റ്‌വർക്ക് മാർക്കറ്റിംഗ്. ഇങ്ങനെ എത്രയെത്ര പേർ കെണിയിൽ ചാടിയിട്ടുണ്ടാവും. അധ്വാനിക്കാതെ ജീവിക്കാൻ പഠിപ്പിക്കുന്ന ഒരു സംസ്കാരം സൃഷ്ടിക്കുകയാണ് നെറ്റ്‌വർക്ക് മാർക്കറ്റിംഗ്.

സാമൂഹിക പ്രതിബദ്ധതയും പ്രതികരണശേഷിയും നശിപ്പിച്ച്, ആർത്തി മൂത്ത സമൂഹമായി നെറ്റ്‌വർക്ക് മാർക്കറ്റിംഗ് ചെറുപ്പക്കാരെ മാറ്റിക്കൊണ്ടിരിക്കുന്നു. സാമ്രാജ്യത്വത്തിന്റെ കറുത്ത കരങ്ങൾ ഇതിന്റെ പിന്നിൽ ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

**ടി.ബി അശ്റഫ് തായിക്കാട്ടുകര**

യിലെ 'സ്വന്തം കുത്തക ഭീമൻ' കമ്പനികളുടെ വാക്സിനുകളും നിരോധിക്കും. അതു പാടില്ലല്ലോ. സ്വകാര്യ കമ്പനികളുടെ വാക്സിൻ കയറ്റുമതിക്ക് ഊനം തട്ടാതിരിക്കണമെങ്കിൽ ഒരു അടവ് പ്രയോഗിച്ചേ പറ്റൂ. 'പശ്ചാത്തല സൗകര്യങ്ങളില്ലാത്തത് കൊണ്ട്' പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടി സീൽ വെക്കുക!

'ആളുകൾ പാമ്പും പേപ്പട്ടിയും കടിച്ചു ചത്താലെന്താ, സ്വകാര്യ മേഖല തടിച്ചുകൊഴുക്കട്ടെ'യെന്നാകാം ആരോഗ്യമന്ത്രിയുടെയും കൂട്ടരുടെയും ആലോചന.

**സൽമ ഇസ്ഹാഖ് ആയഞ്ചേരി**

## ഗർഭാശയങ്ങളിലുള്ളത് ആരാണറിയുന്നത്?

**'ഗർഭസ്ഥ** ശിശുവിന്റെ ലിംഗനിർണയവും അല്ലാഹുവിന്റെ അദൃശ്യജ്ഞാനവും' എന്ന ലേഖനത്തെ പരാമർശിച്ചുകൊണ്ടുള്ള കത്ത് (2008 ജൂൺ 7) വിചിത്രമായി തോന്നി. "ഗർഭാശയങ്ങളിലുള്ളത് അവൻ (അല്ലാഹു) അറിയുന്നു" എന്ന ഖുർആൻ വാക്യത്തിന്, ആ അറിവ് അല്ലാഹുവിന് മാത്രമേയുള്ളൂവെന്ന് അർഥമില്ലെന്നാണ് അദ്ദേഹം പറയുന്നത്. മറ്റുള്ളവർക്കു കൂടി അറിയാവുന്ന ഒരു കാര്യം അല്ലാഹു അറിയുന്നു എന്നു പറയുന്നതിൽ എന്താണ് പ്രത്യേകത എന്ന് മനസ്സിലാകുന്നില്ല. ഗർഭാശയത്തിലുള്ളതിനെക്കുറിച്ച സൂക്ഷ്മമായ അറിവ് അല്ലാഹുവിന് മാത്രമേയുള്ളൂ എന്നുതന്നെയാണ് ഖുർആൻ അർഥമാക്കുന്നത്. ഗർഭാശയത്തിൽ ഒരു കുഞ്ഞിന്റെ ബീജാവാപം നടക്കുന്നതിന് മുമ്പും ശേഷവും ഉള്ള കാര്യങ്ങൾ നിർണയിക്കുന്നതും നിയന്ത്രിക്കുന്നതും, അതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പാടാക്കുന്നതും അല്ലാഹുവിന്റെ സൂക്ഷ്മ ജ്ഞാനത്തിൽ പെട്ടതാണ്. ഒരു കുഞ്ഞ് ആണായിട്ട് ജനിക്കുന്നോ പെണ്ണായിട്ട് ജനിക്കുന്നോ എന്ന് തീരുമാനിക്കുന്നതും അവൻ തന്നെ.

പുരുഷബീജത്തിലാണ് ലിംഗനിർണയ മുൾക്കൊള്ളുന്ന ഘടകം സ്ഥിതി ചെയ്യുന്നത്. ശാരീരിക ബന്ധത്തിലേർപ്പെടുമ്പോൾ വിസർജിക്കപ്പെടുന്ന കോടാനുകോടി പുരുഷബീജങ്ങളിൽ 'എക്സ്' ക്രോമസോമും 'വൈ' ക്രോമസോമും ഉള്ളതിൽ ഏത് ബീജമാണ് അണ്ഡാവരണം ഭേദിച്ച് അകത്തു കടക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് അവനാണ്. ബീജസങ്കലനം നടന്ന അണ്ഡത്തെ (സൈഗോട്ട്) സ്വീകരിക്കാനായി ഗർഭാശയം സൂക്ഷ്മങ്ങളായ രക്തവാഹിനികളെ കൊണ്ട് ആവരണം സൃഷ്ടിച്ച് കാത്തിരിക്കുന്നത്, നാം വി.ഐ.പികളെ സ്വീകരിക്കാനായി ചുവന്ന കാർപ്പെറ്റ് വിരിക്കുന്നതിനു തുല്യമാണ്. ഈ ആവരണം ഗർഭാശയത്തിലില്ലെങ്കിൽ ഗർഭധാരണം സാധ്യമല്ല. അതായത് ഗർഭാശയം 'റെഡ് കാർപ്പെറ്റ്' കവചമുണ്ടാക്കി ബീജസമ്പർക്കം നടന്ന അണ്ഡത്തെ സ്വീകരിച്ചില്ലെങ്കിൽ, ഗർഭധാരണം നടക്കില്ല. ഈ സ്വീകരണ സജ്ജീകരണങ്ങൾ ഗർഭാശയത്തിലേർപ്പെടുത്തുന്നതും അല്ലാഹുവാണ്. ഗർഭാശയത്തിൽ പറ്റിപ്പിടിക്കുന്ന അണ്ഡം വളരാനും വികസിക്കാനും ആവശ്യമായ എല്ലാ സൗകര്യങ്ങളും അല്ലാഹു ഏർപ്പെടുത്തിയിട്ടുണ്ട്. പൊക്കിൾകൊടി ബന്ധത്തിലൂടെ ഗർഭസ്ഥ ശിശുവിന് ആഹാരവും പ്രാണവായുവും അവൻ എത്തിച്ചുകൊടുക്കുന്നു. ശിശു പൂർണ വളർച്ച എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളെക്കുറിച്ച് ഖുർആൻ വിവരിക്കുന്നുണ്ട്. ശിശു ആണോ പെണ്ണോ എന്ന് പരീക്ഷണങ്ങളിലൂടെ തിരിച്ചറിയാനുള്ള ലക്ഷണങ്ങൾ പ്രകടമായാൽ മാത്രമേ ആധുനിക സൗകര്യങ്ങളുപയോഗിച്ച് ലിംഗ നിർണയം സാധ്യമാകൂ. ഗർഭാശയത്തെ സൃഷ്ടിച്ചവൻ, ബീജങ്ങളെ ഉൽപാദിപ്പിച്ചവൻ, ആൺ/പെൺ ബീജവുമായി അണ്ഡത്തെ സംയോജിപ്പിച്ചവൻ, അതു സ്വീകരിക്കാനായി ഗർഭാശയത്തെ സജ്ജമാക്കിയവൻ, അണ്ഡം സ്വീകരിച്ചത് ആൺ ബീജത്തെയാണോ പെൺബീജത്തെയാണോ എന്ന കാര്യം അറിയുന്നവൻ, ആ അണ്ഡത്തെ പടിപടിയായി പൂർണ വളർച്ചയിലെത്തിച്ചവൻ..... അവനല്ലാതെ മറ്റാരാണ് ഗർഭാശയത്തിനകത്ത് നടക്കുന്ന കാര്യങ്ങൾ കൃത്യമായി അറിയുക! 'ഗർഭാശയങ്ങളിലുള്ളത് അവൻ അറിയുന്നു' എന്ന ഖുർആൻ വാക്യം എത്ര അർഥവത്താണ്! ഇക്കാര്യം മറ്റുള്ളവർക്കും അറിയാം എന്ന് ചിന്തിക്കുന്നത് പരമാബദ്ധമല്ലേ?

**പി. മുഹമ്മദ് മൊയ്തീൻ**
**തിരുവനന്തപുരം**

## ചുരുക്കെഴുത്ത്

**സ്വാമിമാരുടെയും** തങ്ങന്മാരുടെയും സുവിശേഷകരുടെയും സിദ്ധന്മാരുടെയും പീഡന കാലമാണിപ്പോൾ. പത്രകോളങ്ങളും ടി.വി ചാനലുകളും ആൾദൈവങ്ങളുടെ കൊടിയ വഞ്ചനയും ദുർമന്ത്രങ്ങൾ വഴി സമ്പാദിച്ച കോടികളുടെ രഹസ്യ സങ്കേതങ്ങളും ഇടിച്ചു പൊളിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ പോലും പത്ര, ദൃശ്യ മാധ്യമങ്ങൾ ആൾദൈവങ്ങളുടെ പരസ്യങ്ങളും അത്ഭുത സിദ്ധികളും പ്രചരിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കുന്നു എന്ന സത്യം ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

**നേമം താജുദ്ദീൻ തിരുവനന്തപുരം**

**ത്വരീഖത്ത്**, ശരീഅത്ത്, ഹഖീഖത്ത്, മഅ്രിഫത്ത് എന്നിങ്ങനെ ഇസ്‌ലാമിനെ നാലായി തിരിച്ച്, അതിൽ മഅ്രിഫത്തിൽ എത്തിയെന്ന് പറയപ്പെടുന്ന കുറച്ചാളുകളെ ദിവ്യന്മാരായി കൊണ്ടുനടക്കുകയാണ് അന്ധവിശ്വാസികളുടെ സമൂഹം. ഇവർക്കു വേണ്ടി നാടു മുഴുക്കെ ഏജന്റുമാരുണ്ട്. ഇത്തരം സാമൂഹിക ദ്രോഹികളെ തളച്ചുകെട്ടാൻ കൂട്ടായ ശ്രമം മുസ്‌ലിം സമൂഹത്തിൽ അടിയന്തരമായി ഉണ്ടാവേണ്ടതുണ്ട്.

**കെ.സി ബീരാൻ കൊടുവള്ളി**

**ആത്മീയ** വാണിഭം ചില മാധവ സിദ്ധന്മാരിൽ ഒതുങ്ങിനിൽക്കുന്നില്ല. ചെറുമീനുകൾ മാത്രമാണ് ഇപ്പോൾ വലയിൽ കുടുങ്ങിയിട്ടുള്ളത്. വമ്പൻ ആത്മീയ കോർപറേറ്റ് സ്രാവുകൾ ഇന്നും അധികാരികളുടെ ഒത്താശയോടെ വിലസുകയാണ്. ജനകീയ കൂട്ടായ്മക്ക് മാത്രമേ ഇവരെ പിടിച്ചുകെട്ടാനാവൂ.

**ഉമർ ഫാറൂഖ് ആലുവ**

**അബ്ദുർറഹ്മാൻ** കൊടിയത്തൂരിന്റെ 'ഖിലാഫത്തും ഖാദിയാനികളും' എന്ന ലേഖനം, ഖിലാഫത്തിനെ ശരിയായി മനസ്സിലാക്കാൻ ഉപകരിച്ചു.

**കെ. പ്രവീൺ കുമാർ കുന്ദമംഗലം**